# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി12/925/2021
15/1/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രംസഹിതം)

2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, പത്തനംതിട്ട
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി12/925/2021 തീയ്യതി: 17/01/2022
15/1/2021

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 17-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹബീബ് മുഹമ്മദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജീവ് വി. കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.ഹരികുമാർ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശോശാമ്മ തോമസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സിന്ധു ചന്ദ്രമോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബി. ഉത്തമൻ | സെക്രട്ടറി | 01-04-2020 | 02-02-2021 |
| ശ്രീ. കെ.കെ.സജി (അധിക ചുമതല) | സെക്രട്ടറി | 02-02-2021 | 05-02-2021 |
| ശ്രീ. രതീഷ് ആർ. ദാസ് | സെക്രട്ടറി | 06-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാജവല്ലി എൻ.എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷാജി ബി.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 07-07-2020 |
| ശ്രീ. ദിലീപ് എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 08-07-2020 | 31-03-2021 |
| ഡോ. സിനീഷ് പി.ജോയി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ് പി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കല്ലൂപ്പാറ | 01-04-2020 | 31-03-2021 |
| ശ്രീമതി പി.എ. അഗസ്റ്റീന | സി.ഡി.പി.ഒ. | 01-04-2020 | 13-01-2021 |
| ശ്രീമതി ഹെമി വി. (അധിക ചുമതല) | സി.ഡി.പി.ഒ. | 13-01-2021 | 04-02-2021 |

| | | | |
|---|---|---|---|
| ശ്രീമതി ജാസ്മിൻ കെ. | സി.ഡി.പി.ഒ. | 05-02-2021 | 31-03-2021 |
| ശ്രീ. സിബി ടി. നീണ്ടടിശ്ശേരി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 29-05-2020 |
| ശ്രീമതി അമ്പിളി വി.എൽ. (അധിക ചുമതല) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 30-05-2020 | 04-06-2020 |
| ശ്രീമതി ജിജിമോൾ പി.കുര്യൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 05-06-2020 | 31-03-2021 |
| ശ്രീ. വിഷ്ണു എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീകല എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjeev V.K (Audit Officer (HG), On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 23-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Ranjeev V.K (Audit Officer (HG), On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 23-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ranjeev V.K (Audit Officer (HG), On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 23-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Ranjeev V.K (Audit Officer (HG), On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 23-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 05-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 1-5 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 05-01-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 05-01-2022)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-7 |
| 9 | ഇ-ടെണ്ടർ- ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല<br>Written By: Ranjeev V.K (Audit Officer (HG), On 26-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-8 |
| 10 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കി<br>Written By: Ranjeev V.K (Audit Officer (HG), On 26-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-9 |
| 11 | ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല<br>Written By: Ranjeev V.K (Audit Officer (HG), On 26-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-10 |
| 12 | കവിയൂർ ഗ്രാമപഞ്ചായത്ത് 3-ാം നമ്പർ അങ്കണവാടി നിർമ്മാണം- വികസനഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു<br>Written By: Ranjeev V.K (Audit Officer (HG), On 26-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-11 |
| 13 | ഐ.എ.വൈ. വായ്പ പലിശ- ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയല്ലാത്ത 63.62 ലക്ഷം രൂപ ഒടുക്കി<br>Written By: Ranjeev V.K (Audit Officer (HG), On 26-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-12 |

| | | |
|---|---|---|
| 14 | ലാബ് റീഏജന്റ് വാങ്ങൽ-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Asha M Kuruvilla (Auditor, On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-13 |
| 15 | വിവിധ പദ്ധതികളിലായി മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Asha M Kuruvilla (Auditor, On 27-12-2021)<br>Last Updated By: Asha M Kuruvilla (Auditor, On 06-01-2022) | 1-14 |
| 16 | നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല;1.63 കോടി രൂപ നിർവഹണ ഏജൻസികളിൽ<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 1-15 |
| 17 | ലൈഫ് അധികസഹായം തിരികെ ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 1-16 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ട്<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: M Harikumar (Asst. Audit Officer, On 23-12-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 28-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ranjeev V.K (Audit Officer (HG), On 28-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 06-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 23-12-2021)<br>Last Updated By: Ranjeev V.K (Audit Officer (HG), On 05-01-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.03.2020 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:- Contribution For Joint Venture Projects From Village Panchayat-അക്കൗണ്ട് ബാലൻസ് രൂ. 2,20,000 രേഖപ്പെടുത്തിയിട്ടുള്ളത് തെറ്റാണ്. അക്കൗണ്ടിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതാണ്. വിനിയോഗ വിവരം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

2. Recoveries Payable Covid- തുക നൽകാനുള്ളതായി കാണിച്ചിട്ടുള്ളത് 1,06,160 രൂപയാണ്. നൽകിയത് 1,13,297 രൂപയാണ്.

3. ഷെഡ്യൂൾ ബി7: Deposits Received- ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ തിരികെ നൽകുമ്പോൾ കൃത്യമായി അതേ ഹെഡിൽ കുറവു ചെയ്യുന്നില്ല. തന്മൂലം ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് കൃത്യതയില്ല.

4. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ പദ്ധതികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകൾ അഡ്വാൻസ് ഹെഡിൽ കാണിക്കാതെ ആസ്തി ഹെഡിലും വർക്ക്-ഇൻ-പ്രോഗ്രസ് ഹെഡിലും തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5. ഷെഡ്യൂൾ B-11(a) Capital Work-in-progress – രേഖപ്പെടുത്തിയിക്കുന്ന 12,523,855 രൂപ തെറ്റായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. തുക ബന്ധപ്പെട്ട അഡ്വാൻസ് ഹെഡിലേക്കും ആസ്തി ഹെഡിലേക്കും മാറ്റേണ്ടതാണ്.

6. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 47,56, 839.00

Depoist With KSEB - Rs. 53,19,973.00

7. Advance To Implementing Officers:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

8. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 39,941/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

9. ഷെഡ്യൂൾ B-9: Other Liabilities- ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

10. ലോൺ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള പലിശ അക്കൗണ്ട് ചെയ്തിട്ടില്ല.

11. ഷെഡ്യൂൾ I-18: Prior Period Items- ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 93,12,767 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,37,42,386 |
| ആകെ വരവ് | 7,30,55,153 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,89,22,996 |
| നീക്കിയിരിപ്പ് | 41,32,157 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 22383606 | 22383606 | 21448545 | -- | 935061 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 11352000 | 11352000 | 11012437 | -- | 339563 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 410000 | 410000 | 200000 | -- | 210000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 4210000 | 4210000 | 3235525 | -- | 974475 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 4210000 | 4210000 | 3191578 | -- | 1018422 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | ,, | 3949000 | 3949000 | 3329718 | -- | 619282 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകളും വാർഷിക ധനകാര്യപത്രികയുമായി വ്യതിയാനം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരം) | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 21448545 | 21353555 | 94990 | വനിത കാർഷിക സംഭരണ വിതരണ കേന്ദ്രം- ചെലവ് ഉൾപ്പെട്ടിട്ടില്ല (S0070/21) |
| വികസന ഫണ്ട്-എസ്.സി.പി | 11012437 | 10931999 | 80438 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം- ചെലവ് ഉൾപ്പെട്ടിട്ടില്ല (S0076/21) |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ, വോട്ടിംഗ് മെഷീൻ വാങ്ങുന്നതിന് സ്രോതസ്സിൽ കുറവ് ചെയ്ത 39,941 രൂപ വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 92 | 76179732 | 72 | 42587706 | 20 | 55.90% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 19483381 | 7149863 | 36.7 |
| സേവനം | 42569258 | 26238040 | 61.64 |
| പശ്ചാത്തലം | 14127093 | 9199803 | 65.12 |
| ആകെ | 76179732 | 42587706 | 55.9 |

(3) 2020-21-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | 4 | 2 | 2100600 | 782628 |
| 2 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 36 | 26 | 36676498 | 17341397 |
| 3 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 5 | 4 | 2050000 | 1294248 |
| 4 | പട്ടികജാതി വികസന ഓഫീസർ | 3 | 3 | 3461469 | 3425859 |
| 5 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 8 | 8 | 4626977 | 3912430 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 3 | 1642500 | 419561 |
| 7 | ഡയറി | 6 | 5 | 12638381 | 5728381 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | | | |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 26 | 21 | 12983307 | 9683202 |
| | ആകെ | 92 | 72 | 76179732 | 42587706 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.2019 | 2018-19 | 10.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2018 | 2012-13 മുതൽ 2016-17 വരെ | 05.02.2018 |

## 1-7 ആഭ്യന്തര നിയന്ത്രണം

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ അനുസരിച്ച് വേണം സ്ഥാപനത്തിലെ വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിംഗ്, ചട്ടങ്ങൾ അനുസരിച്ചല്ല നിർവഹിച്ചിട്ടുള്ളത്. വരവ് ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. മേൽക്കാരണങ്ങളാൽ സ്ഥാപനത്തിന്റെ ഒരു പ്രത്യേക സമയത്തെ സാമ്പത്തിക നില അപഗ്രഥനം ചെയ്യുന്നതിന് അധികൃതർക്ക് സാധിക്കുന്നില്ല. ലെഡ്ജർ അക്കൗണ്ടുകൾ നിർദ്ദിഷ്ട ഇടവേളകളിൽ ബാലൻസ് ചെയ്ത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. സിസ്റ്റത്തിൽ രേഖപ്പെടുത്തുന്ന ജേണൽ എൻട്രികൾ രേഖകളാക്കി ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കുന്ന മുഴുവൻ നടപടിക്രമങ്ങളും പാലിച്ചുവേണം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കേണ്ടത്.

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയിൽ 1.63 കോടി രൂപ വിവിധ ഏജൻസികളിൽ നിക്ഷേപമായി കിടക്കുന്നു.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. ഐ.എ.വൈ വായ്പ പലിശയിനത്തിൽ ബ്ലോക്കിന്റെ ബാധ്യതയല്ലാത്ത 63.62 ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട്.

## 1-8 ഇ-ടെണ്ടർ- ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്) നം.318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി. എന്നിവ ഓൺലൈനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത് 2016-17 മുതൽ നടപ്പാക്കിയിട്ടുള്ള ഇ-ടെണ്ടർ പ്രവൃത്തികൾക്ക് ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | മരാമത്ത് പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫീസ് |
|---|---|---|
| 2016-17 | 15 | 40,700 |
| 2017-18 | 8 | 17,136 |
| 2018-19 | 9 | 31,000 |

| | | |
|---|---|---|
| 2019-20 | 12 | 25,086 |
| 2020-21 | 7 | 27,476 |
| ആകെ | | 1,41,398 |

തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 02/20-21തീയതി: 20-12-2021), തുക ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തിരികെ ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല.

| ക്രമനം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ /ബിൽ നമ്പർ | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടതായ തുക (ജി.എസ്.ടി.12% ഉൾപ്പടെ) |
|---|---|---|---|
| 1 | S0083/21 വായ്പൂര് അമ്പലം- ചെട്ടിമുക്ക് റോഡ് റീ ടാറിംഗ്- ആനിക്കാട് ഗ്രാ.പ<br>തുക 492619/-<br>(കരാറുകാരൻ- ശ്രീ. പി.എം.കബീർ)<br>(ബിൽ നം.15400009210/11-04-2020) | 23 | 23X238 =5474+657<br>=6131 |
| 2 | S0094/21- കരിങ്ങുമുട്ടം വെള്ളയിൽ പടി റോഡ് പുനരുദ്ധാരണം- കൊറ്റനാട് ഗ്രാ.പ<br>തുക 499849/-<br>(കരാറുകാരൻ- ശ്രീ. ജോൺ സി. തോമസ്)<br>(ബിൽ നം.1540011257/28-04-2020) | 17 | 17X238=4046+486<br>=4532 |
| 3 | S0081/21-പെരുമ്പാറ കൊച്ചരപ്പ് റോഡ് റീ ടാറിംഗ്- കോട്ടാങ്ങൽ ഗ്രാ.പ<br>തുക 483563/-<br>(കരാറുകാരൻ- ശ്രീ. പി.എം.കബീർ)<br>(ബിൽ നം.1540009211/11-04-2020) | 22 | 22X238=5236+628<br>=5864 |
| | S0082/21- മങ്ങാട്ട് പടി അറഞ്ഞിക്കൽ റോഡ് റീ ടാറിംഗ്- കോട്ടാങ്ങൽ ഗ്രാ.പ.<br>തുക 484132/-<br>(കരാറുകാരൻ- ശ്രീ. പി.എം.കബീർ)<br>(ബിൽ നം.15400019872/11-04-2020) | 25 | 25x238=5950+714<br>=6664 |
| | ആകെ | | 23191 |

കാലി ബാരലിന്റെ വില ഈടാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന്

(03/2020-21 തീയതി: 20-12-2021), 21-12-2021-ലെ KL019431684202122M, KL019432211202122M നമ്പർ ചെല്ലാൻ പ്രകാരം തുക മല്ലപ്പള്ളി സബ്ട്രഷറിയിൽ ഒടുക്കി.

## 1-10 ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ ഫോം ഫയൽ ചെയ്തിട്ടില്ല

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 12% GST കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും രേഖകൾ ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ (സാധാ) നം: 2532/2018/തസ്വഭവ. തീയതി: 29.09.2018 പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ഈ മാതൃക നാല് പകർപ്പുകൾ തയ്യാറാക്കേണ്ടതും ഒരെണ്ണം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലും രണ്ട് പകർപ്പുകൾ GST വകുപ്പിലും നൽകേണ്ടതുമാണ്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് GST കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ളത്. നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. ഈ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോം ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 05/2020-21, തീയതി: 20.12.2021), രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ലായെന്നും ആയത് ഹാജരാക്കുന്നതാണ് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ ഫോം വാങ്ങി ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

## 1-11 കവിയൂർ ഗ്രാമപഞ്ചായത്ത് 3-ാം നമ്പർ അങ്കണവാടി നിർമ്മാണം- വികസനഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ കവിയൂർ ഗ്രാമപഞ്ചായത്ത് 3-ാം നമ്പർ അങ്കണവാടി നിർമ്മാണം (എസ്0047/21) ഫൈനൽ ബിൽ തുക നൽകിയപ്പോൾ, വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ച് നൽകുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് വിശദാംശങ്ങൾ |
|---|---|
| കവിയൂർ ഗ്രാമപഞ്ചായത്ത് 3-ാം നമ്പർ അങ്കണവാടി നിർമ്മാണം | രൂ. 5,11,193/-<br>ബിൽ നം. 15400184246/11-04-2020<br>രൂ. 4,11,316/-<br>ബിൽ നം. 15400019875/ 20.05.2020 |
| ആകെ | രൂ. 9,22,509.00 |

പ്രവൃത്തിക്കായി യഥാർത്ഥത്തിൽ 9,11,097 രൂപയുടെ ചെലവാണ് ഉണ്ടായിട്ടുള്ളത്. ആദ്യ പാർട്ട് ബിൽ മാറി നൽകിയപ്പോൾ 2.5% റിട്ടെൻഷൻ തുകയായ 11,411 രൂപ ബില്ലിനോടൊപ്പം മാറി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. തുടർന്ന് പ്രവൃത്തിയുടെ ഫൈനൽ ബിൽ മാറി നൽകിയപ്പോൾ പ്രസ്തുത തുക കൂടി ബില്ലിനോടൊപ്പം ട്രഷറിയിൽ നിന്നും മാറിയെടുത്തു. ഇതുവഴി വികസനഫണ്ടിൽ നിന്നും 11,411 രൂപയുടെ അധിക ചെലവുണ്ടായി. തനത് ഫണ്ടിലേക്ക് മാറ്റിയിട്ട റിട്ടെൻഷൻ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കരാറുകാരന് നൽകേണ്ടതിന് പകരം വികസനഫണ്ടിൽ നിന്നുമാണ് നൽകിയത്. അധികം നൽകിയ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/2020-21 തീയതി: 20-12-2021), തുക ഒടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുക തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 ഐ.എ.വൈ. വായ്പ പലിശ- ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയല്ലാത്ത 63.62 ലക്ഷം

രൂപ ഒടുക്കി

ഐ.എ.വൈ. ഭവനപദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് എടുത്ത വായ്പയുടെ തിരിച്ചടവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം/തീയതി | മുതൽ | പലിശ | ബാങ്ക് | പദ്ധതി വിഹിതത്തിൽ നിന്നും അടച്ചത് |
|---|---|---|---|---|
| 2014-15/ 24-06-2014 | -- | 712478 | SBT, മല്ലപ്പള്ളി | -- |
| 2014-15/ 30-03-2015 | -- | 900000 | IOB, മല്ലപ്പള്ളി | -- |
| 2015-16 | 496454 | 1452000 | -- | പ്രോജക്ട് നം.S0052/16 |
| ,, | | 19350 | -- | പ്രോജക്ട് നം.S0053/16 |
| ,, | 361910 | 42380 | -- | പ്രോജക്ട് നം.S0054/16 |
| 2016-17 | 1000000 | -- | -- | പ്രോജക്ട് നം.S0012/17 |
| 2016-17 | 357410 | 642590 | -- | പ്രോജക്ട് നം.S0013/17 |
| 2017-18 | -- | 960000 | -- | പ്രോജക്ട് നം.S0074/18 |
| 2018-19 | 2501133 | 954367 | -- | പ്രോജക്ട് നം.S0067/19 |
| 2020-21/ 19-05-2020 | 1699634 | 679092 | IOB, മല്ലപ്പള്ളി | -- |
| 2020-21/ 19-05-2020 | 3183459 | -- | കാനറാ ബാങ്ക്, മല്ലപ്പള്ളി | -- |
| ആകെ | 9600000 | 6362257 | | |

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഇന്ദിര ആവാസ് യോജന പ്രകാരം ഭവന പദ്ധതി നടപ്പാക്കുന്നതിന് അധികധനം സമാഹരിക്കുന്നതിന്, സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്.) 90/13/തസ്വഭവ തീയതി: 14-03-2013 പ്രകാരം മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2013-14സാമ്പത്തിക വർഷം 96 ലക്ഷം രൂപ വായ്പ എടുത്തിരുന്നു. 10 വർഷക്കാലം കൊണ്ട് ലോൺതുക തിരിച്ചടയ്ക്കുന്നതിനായിരുന്നു ബാങ്കുമായി ഏർപ്പെട്ടിരുന്ന കരാർ. ജി.ഒ.(എം.എസ്.) 162/13/തസഭവ തീയതി: 26-04-2013 പ്രകാരം 11.25% നിരക്കിൽ പലിശ സർക്കാർ വഹിക്കുമെന്നായിരുന്നു ഉത്തരവ്. ബ്ലോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് 30-04-2013-ൽ സർവ്വീസ് സഹകരണ ബാങ്കുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ നിരന്തരം കത്തുകൾ അയച്ചിട്ടും സർക്കാർ പലിശ ഒടുക്കുകയുണ്ടായില്ല. ആയതിനാൽ പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ഒടുക്കേണ്ടതായി വന്നു. 2013-14 വർഷം മുതൽ 2020-21 വരെ ബ്ലോക്ക് പഞ്ചായത്ത് പലിശയിനത്തിൽ 63,62,257 രൂപ ഒടുക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത്, ലോൺ സംബന്ധിച്ച് കൃത്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാത്തതിനാൽ ഒടുക്കിയ പലിയയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാങ്ക് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പലിശ ഒടുക്കുകയാണ് ഉണ്ടായത്. പലിശയുടെ കൃത്യത ബ്ലോക്ക് പഞ്ചായത്ത് ഉറപ്പാക്കേണ്ടതും പലിശയിനത്തിൽ അധിക തുക ഒടുക്കിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ധനകാര്യ പരിശോധന വിഭാഗം സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ നടത്തിയ പരിശോധനയിൽ, വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ വിവിധ കാലങ്ങളിലായി ലഭിച്ച കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടാതെ നിഷ്ക്രിയമായി കിടക്കുന്നതായി കണ്ടെത്തുകയുണ്ടായി (Finance Inspection (NT-H) Department No. IW-HI/5/2019-FIN. തീയതി: 21/03/2019). നിർത്തലാക്കിയ പദ്ധതികളിൽ അവശേഷിക്കുന്ന തുക, പലിശയിനത്തിൽ ലഭിച്ച തുക, പദ്ധതി ചെലവ് കഴിഞ്ഞ് മിച്ചം വന്ന തുക, പദ്ധതി നിർത്തലാക്കിയതിനാൽ ചെലവാക്കാൻ നിർവാഹമില്ലാത്ത തുക എന്നിങ്ങനെ വിവിധ കാറ്റഗറിയിൽ ഉൾപ്പെട്ട് ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക, ജി.ഒ(എം.എസ്.) 90/13/തസ്വഭവ തീയതി: 14-03-2013 പ്രകാരം ഐ.എ.വൈ. ഭവന പദ്ധതി നടപ്പാക്കുന്നതിന് സമാഹരിച്ച വായ്പ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിന് വേണ്ടിയും ഉപയോഗിക്കാം എന്നും ശുപാർശ നൽകിയിരുന്നു. ആയതിന്റെ വിശദാംശങ്ങൾ

ഗ്രാമവികസന കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 04-02-2020-ലെ IV(3)-ാം നമ്പർ തീരുമാന പ്രകാരം ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ മല്ലപ്പള്ളി ശാഖയിൽ നിന്നും എടുത്ത 23,78,726 രൂപയും പി.എം.എ.വൈ പദ്ധതിക്കായി കാനറാ ബാങ്കിന്റെ മല്ലപ്പള്ളി ശാഖയിൽ നിന്നും എടുത്ത 31,83,459 രൂപയും ഒടുക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം 19-05-2020 -ൽ 55,62,185 രൂപ അടച്ച് ലോൺ ക്ലോസ് ചെയ്യുകയും ചെയ്തു.

വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിച്ചിരുന്ന തുകയിൽ വിവിധ വർഷങ്ങളിലായി ഭവന പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര/സംസ്ഥാന വിഹിതം, മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിഹിതം, പലിശ എന്നിവയും ഉൾപ്പെട്ടിരുന്നു. എന്നാൽ എതൊക്കെ ഇനങ്ങളിൽ എത്ര രൂപ ചെലവഴിക്കാതെ കിടന്നിരുന്നുവെന്നും, തുടർന്ന് ആവശ്യമായി വരുന്ന തുകയുടെ കണക്ക് എത്രയാണെന്നും കണക്കാക്കാതെയാണ് മിച്ചം കിടന്നിരുന്ന തുക ബാങ്കിൽ ഒടുക്കിയത്. ആയത് പരിശോധിച്ച് കൃത്യമായ വിവരം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/2020-21, തീയതി: 22-12-2021) മറുപടി ലഭ്യമാക്കിയില്ല. പലിശയിനത്തിലുള്ള സർക്കാർ ബാധ്യത ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തത് ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമാണ്. ആയതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതും സർക്കാരിൽ നിന്ന് വീണ്ടും പലിശ ഒടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-13 ലാബ് റീഏജന്റ് വാങ്ങൽ-ചെലവ് രേഖകൾ ഹാജരാക്കിയില്ല

| പദ്ധതി നം. & പദ്ധതി പേര് | S0030/21-മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ലാബ് റീ ഏജന്റ് വാങ്ങൽ | |
|---|---|---|
| ഫണ്ടിനം. | വികസനഫണ്ട് (പൊതുവിഭാഗം) | തനത് ഫണ്ട് |
| വകയിരുത്തിയ തുക | ₹ 4,00,000 | ₹ 1,00,000 |
| ചെലവായ തുക | ₹110024<br>BRN-4900098394 Dt.25.04.2020<br>₹12698<br>BRN-4900134290 Dt.07.05.2020<br>₹ 17138<br>BRN-4900219293 Dt.01.06.2020<br>₹55117<br>BRN-4900305858 Dt.30.06.2020<br>₹4805<br>BRN-4900449245 Dt.19.08.2020<br>₹200087<br>BRN-4901092414 Dt.16.02.2021 | ₹ 12713<br>Chq No. 2360972 Dt. 23.03.2021<br>₹ 26743<br>Chq No. 2360973 Dt. 23.03.2021<br>₹ 14117<br>Chq No. 2360974 Dt. 23.03.2021 |
| | ആകെ ₹ 3,99,869 | ആകെ ₹ 53,573 |

മേൽ പട്ടിക പ്രകാരം 2020-21 സാമ്പത്തിക വർഷം മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലേക്ക് ലാബ് റീഏജന്റ് വാങ്ങിയതിന് തനത് ഫണ്ടിൽ നിന്നും 1,00,000 രൂപ വകയിരുത്തുകയും 53,573 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ 39,456 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. 14,117 രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 15/24.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 14,117 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1)

പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണ്. ചട്ടം(2)-ൽ, ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതുമാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി മറ്റ് നടപടിക്രമങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-14 വിവിധ പദ്ധതികളിലായി മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

വിവിധ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയായും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് ലഭിക്കുവാനുള്ള മരുന്നിന്റെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം, പദ്ധതിയുടെ പേര് | തുക കൈമാറിയതിന്റെ വിവരം | | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്ന് (രൂപ) |
|---|---|---|---|---|
| | | ചെലവ് ബിൽ റഫറൻസ് നം | പ്രഫോമ ഇൻവോയിസ് നം. | |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി മല്ലപ്പള്ളി | S0033/21-മല്ലപ്പള്ളി താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി | ₹ 6,84,519 BRNo. 490089999 Date 25.01.2021 | PRF4726 Date 23.01.2021 ₹ 6,84,519 | പ്രഫോമാ ഇൻവോയിസ് പ്രകാരമുള്ള മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |
| | S0032/21-പാലിയേറ്റീവ് കെയർ വയോജന ക്ഷേമം-മല്ലപ്പള്ളി താലൂക്ക് ആശുപത്രി | ₹ 2,11,300 BRNo. 4901004977 Date 28.01.2021 | PRF4804 Date 26.01.2021 ₹ 211300 | പ്രഫോമാ ഇൻവോയിസ് പ്രകാരമുള്ള മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |
| | | ₹ 69850 BRNo.4901375957 Date 26.03.2021 (ഉപകരണം വാങ്ങൽ) | PRF6189 Date 12.03.2021 ₹ 69850 | ₹ 65,690 -യുടെ ഉപകരണങ്ങൾ ലഭ്യമാക്കുവാനുണ്ട്. |

മേൽ പട്ടിക പ്രകാരം വിവിധ പദ്ധതികളിലായി ലഭിക്കുവാനുള്ള ₹ 9,61,509 രൂപയുടെ മരുന്നുകളും/ഉപകരണങ്ങളും ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/23.12.2021) മറുപടി ലഭിച്ചില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ബി) കല്ലൂപ്പാറ സി.എച്ച്.സി.ക്ക് ലഭിക്കാനുള്ള മരുന്നിന്റെ വിവരങ്ങൾ

സാമ്പത്തിക വർഷം 2 പദ്ധതികളിലായി 7,63,380 രൂപ മരുന്നുവാങ്ങലിനായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം, പദ്ധതിയുടെ പേര് | ചെലവ് ബിൽ റഫറൻസ് നം | പ്രഫോമ ഇൻവോയിസ് നം. | ലഭ്യമാക്കുവാനുള്ള മരുന്നിന്റെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കല്ലൂപ്പാറ | S0043/21 പാലിയേറ്റീവ് കെയർ-വയോജനക്ഷേമം കല്ലൂപ്പാറ സി.എച്ച്.സി. | ₹ 3,34,720 BRNo. 5200949001 Date 15.01,2021 | PRF2581 Date 29.09.2020 ₹ 3,21,520 | 3,21,520 രൂപയുടെ മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |
| | | ₹ 1,41,860 BRNo. 5201363997 Date 26.03.2021 | PRF5807 Date 26.02.2021 ₹ 1,41,860 | 1,41,860 രൂപയുടെ മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |
| | S0044/21-കല്ലൂപ്പാറ സി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | ₹ 3,00,000 BRNo. 5200605112 Date 04/11/2021 | PRF2576 Date 29.09.2020 ₹ 3,00,000 | 3,00,000 രൂപയുടെ മരുന്ന് പൂർണ്ണമായി ലഭിക്കുവാനുണ്ട് |

മേൽ പട്ടിക പ്രകാരം വിവിധ പദ്ധതികളിലായി ലഭിക്കുവാനുള്ള 7,63,380 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/23.12.2021) മറുപടി ലഭിച്ചില്ല. മരുന്നുകൾ ലഭിക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല;1.63 കോടി രൂപ നിർവഹണ ഏജൻസികളിൽ

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ 61,14,220 രൂപയുടെ നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയായില്ല. തുക സംസ്ഥാന വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി എന്നീ നിർവഹണ ഏജൻസികളിൽ നിക്ഷേപമായി കിടക്കുകയാണ്.ഇതുൾപ്പെടെ മുൻവർഷങ്ങളിലെ നിക്ഷേപതുക കൂടി കണക്കാക്കുമ്പോൾ നിർവഹണ ഏജൻസികളിൽ നിക്ഷേപമായി കിടക്കുന്നത് 16351560രൂപയാണ്. (2020-21ലെ നിക്ഷേപമായി കിടക്കുന്ന പ്രോജക്ടുകളുടെ വിവരം)

| ക്രമ നം. | പ്രോജക്ട് | നിക്ഷേപ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | 12/20-21. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ) | കെ.എസ്.ഇ.ബി | 122720 |
| 4 | 13/20-21. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | കേരള വാട്ടർ അതോറിറ്റി | 3909289 |
| 5 | 72/20-21. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ(ജനറൽ,സ്പിൽ ഓവർ). | | 232211 |
| 6 | 17/20-21. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 700000 |
| | 73/20-21. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 1150000 |

| | | | |
|---|---|---|---|
| | അകെ | | 6114220 |

നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(07/20-21,21.12.2021) നല്കിയതിന് മറുപടി ലഭിച്ചില്ല.

പ്രോജക്ടുകളുടെ നിർവഹണം പൂർത്തീകരിച്ചതായി തെളിയിക്കുന്ന, കുടിവെള്ളം, ഊർജം എന്നീ വിഷയനിർണയസമിതികളുടെ മോണിട്ടറിംഗ് റിപ്പോർട്ടില്ല. വെളിച്ചം, വെള്ളം എന്നീ അനിവാര്യ ജീവന സഹായികൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ആവിഷ്കരിക്കുന്ന പ്രോജക്ടുകളുടെ നിർവഹണം നീളുന്നത് ഗൗരവമായി കണ്ട് ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ളോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ നിക്ഷേപ പ്രോജക്ടുകളുടെ നിർവഹണത്തിലും കാര്യമായ പുരോഗതിയില്ല. 2019-20-ലെ നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയാകാത്തത് ആ വർഷത്തെ റിപ്പോർട്ടിൽ വിവരിച്ചത് ഇതോടൊപ്പം കാണേണ്ടതാണ്.

2017-18, 2018-19 വർഷങ്ങളിലെ 6244981 രൂപയുടെ നിക്ഷേപ പ്രോജക്ടുകൾ പൂർത്തിയാകാനുണ്ടെന്ന് നിക്ഷേപ പ്രോജക്ടുകളുടെ രജിസ്റ്ററിൽ കാണുന്നു. നിക്ഷേപ പ്രോജക്ടുകളുടെ രജിസ്റ്ററിൽ ഇനിയും പൂർത്തിയാക്കാനുള്ളതായി കാണിച്ചിരിക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ (09/20-21, 22.12.2021)ത്തിന് മറുപടി ലഭിച്ചില്ല. അതിനാൽ 20-21 സാമ്പത്തിക വർഷം അവസാനം മുൻവർഷങ്ങളിലേത് ഉൾപ്പെടെ 16351560 രൂപയുടെ (വിശദാംശം താഴെ പട്ടികയിൽ) പ്രോജക്ടുകളാണ് പൂർത്തിയാകാനുള്ളത്. നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് ബ്ളോക്ക് പഞ്ചായത്ത് കമ്മറ്റി അടിയന്തര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(2020-21 സാമ്പത്തികവർഷാവസാനം പൂർത്തിയാക്കാനുള്ള നിക്ഷേപ പ്രോജക്ടുകളുടെ വിവരം)

| വർഷം | തുക |
|---|---|
| 2019-20 ന് മുമ്പ് | 6244981 |
| 2019-20 | 61142220 |
| 2020-21 | 3992359 |
| ആകെ | 16351560 |

## 1-16 ലൈഫ് അധികസഹായം തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന് നല്കിയ ലൈഫ് അധിക ധനസഹായത്തിൽ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല. കൊറ്റനാട് ഗ്രാമപഞ്ചായത്തിന് നല്കിയ സഹായത്തിൽ ചെലവഴിക്കാത്ത 7282 രൂപയാണ് തിരികെ ഈടാക്കാനുള്ളത്.

2019-20ൽ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹിച്ച 1282000രൂപ(എസ്.സി.പി ഫണ്ട്) അടങ്കലുള്ള ലൈഫ് മിഷൻ അധിക ധനസഹായം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം എന്ന പ്രോജക്ടി(04/2019-20)ൽ കൊറ്റനാട് ഗ്രാമപ ഞ്ചായത്തിന് 782000 (ബിൽ 20/17.07.2019) രൂപ ബ്ളോക്ക് പഞ്ചായത്ത് വിഹിതം നല്കിയിരുന്നു. കൊറ്റനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ വിനിയോഗ സാക്ഷ്യപ ത്രത്തിൽ ബ്ളോക്ക് വിഹിതത്തിൽ 774718 രൂപ ചെലവഴിച്ചതായും 7282 രൂപ ചെലവഴിക്കാൻ ബാക്കിയുണ്ടെന്നും വിവരിച്ചിരിക്കുന്നു. ചെലവഴിക്കാൻ ബാക്കിയുള്ള 7282 രൂപ 2021-22 സാമ്പത്തിക വർഷം ബ്ളോക്ക് പഞ്ചായത്ത് നല്കുന്ന വിഹിതത്തിൽ ക്രമീകരിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ചെലവഴിക്കാൻ ബാക്കിനില്ക്കുന്ന പദ്ധതി ഫണ്ട് നടപ്പാക്കിയേക്കാവുന്ന പദ്ധതിക്ക് മുൻകൂർ ക്രമീകരിക്കുന്നത് ശരിയല്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/20-21,24.12.2021), തുക ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കുമെന്ന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാൻ ബാക്കി നില്ക്കുന്ന 7282 രൂപ ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം. | പ്രോജക്ട് | നിക്ഷേപ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | 12/20-21. മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ (ജനറൽ) | കെ.എസ്.ഇ.ബി | 122720 |
| 4 | 13/20-21. മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | കേരള വാട്ടർ അതോറിറ്റി | 3909289 |
| 5 | 72/20-21. മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ(ജനറൽ,സ്പിൽ ഓവർ). | | 232211 |
| 6 | 17/20-21. മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 700000 |
| | 73/20-21. മല്ലപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | | 1150000 |
| | അകെ | | 6114220 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2020-21 സാമ്പത്തിക വർഷം ഒരു പ്രവൃത്തിക്കും മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ(എം.എസ്.) 90/13/തസ്വഭവ തീയതി: 14-03-2013 | 48,83,093 | 48,83,093 | 48,83,093 | 6,79092 | ലോൺ ക്ലോസ് ചെയ്തു |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2002-03 | 2-14 | 2007-08 | ഐ.എ.വൈ ഭവനനിർമ്മാണം- മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. പൂർണ്ണമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2003-04 | 2-23 | 2007-08 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ. | " |
| 2003-04 | 2-24 | 2007-08 | തേനീച്ച വളർത്തലും തേൻ സംസ്കരണ യൂണിറ്റ് സ്ഥാപിക്കലും- അപാകതകൾ | " |
| 2003-04 | 2-26 | 2007-08 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | " |
| 2004-05 | 3-4 | 2007-08 | പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ | " |
| 2004-05 | 3-17 | 2007-08 | വനിതാ സ്വയം തൊഴിൽ യൂണിറ്റ്. | " |
| 2006-07 | 3-12 | 2009-10 | തോട്ടഭാഗത്ത് പട്ടികജാതി വനിതകൾക്കായി വ്യവസായകേന്ദ്രം നിർമ്മാണം- അപാകതകൾ | " |
| 2006-07 | 3-14 | 2009-10 | പയറ്റുകാലാ കുടിവെള്ള പദ്ധതി- അപാകതകൾ | " |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 7,30,55,153 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,89,22,996 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 14,117 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹ 14,117 | ഡോ. സിനീഷ് പി. ജോയി സൂപ്രണ്ട് താലൂക്ക് ആശുപത്രി, മല്ലപ്പള്ളി |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സിനീഷ് പി. ജോയി | സൂപ്രണ്ട് താലൂക്ക് ആശുപത്രി, മല്ലപ്പള്ളി | പുതിയവീട്ടിൽ ചേർപ്പുങ്കൽ പി.ഒ. കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷി ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീ.31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീ.05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീ. 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീ. 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീ. 05-03-07 | 1 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീ. 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീ. 07-06-08 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീ. 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീ. 15-05-09 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീ. 13-05-11 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീ.13-12-11 | 7 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീ.03-09-13 | 5 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീ.12-09-14 | 4 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീ.06-06-15 | 3 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 7 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 13 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 9 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-/343/2019 തീയതി: 08.05.2019 | 8 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12-923/2019 തീയതി: 29.11.2019 | 9 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി12-924/2021 തീയതി: .01.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്